# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 935 12-12-2012 ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. പാലോട് രവി** | | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം വഴി രജിസ്റ്റർ ചെയ്യുന്നവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത് ; വിശദമാക്കുമോ ; | (ബി) | പ്രസ്തുത സംവിധാനം വഴി ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന സൗകര്യങ്ങളാണ് ലഭ്യമാവുക.<br>1. ഓൺലൈൻ രജിസ്ട്രേഷൻ.<br>2. ഓൺലൈൻ റിന്യൂവൽ.<br>3. ഓൺലൈൻ സർട്ടിഫിക്കറ്റ് അഡിഷൻ.<br>4. മൊബൈൽ നമ്പർ/ഫോൺ നമ്പർ/ഇ-മെയിൽ എന്നിവയുടെ വിവരങ്ങൾ തങ്ങളുടെ രജിസ്ട്രേഷൻ റിക്കാർഡിൽ ചേർക്കുക.<br>5. രജിസ്ട്രേഷൻ റെക്കോർഡ് ഓൺലൈനിൽ നേരിട്ട് കണ്ട് പരിശോധിക്കുവാനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫീസറെ ബന്ധപ്പെടുവാനും കഴിയും.<br>6. രജിസ്ട്രേഷൻ റിക്കാർഡിന്റെ പ്രിന്റ് ഔട്ട് എടുക്കുക.<br>7. രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡിന്റെ പ്രിന്റ് ഔട്ട് എടുക്കുക.<br>8. നോട്ടിഫൈ ചെയ്ത വേക്കൻസികൾ കാണുവാൻ കഴിയും.<br>9. ഉദ്യോഗദായകർക്ക് ഉദ്യോഗാർത്ഥികളുടെ ലിസ്റ്റുകൾ കാണുവാൻ കഴിയും. |
| (സി) | ഉദ്യോഗാർത്ഥികളെ തൊഴിലവസരങ്ങൾ അറിയിക്കാൻ എസ്.എം.എസ് അലർട്ട് സംവിധാനം ഏർപ്പെടുത്തുമോ ; | (സി) | ഓൺലൈൻ രജിസ്ട്രേഷൻ, റിന്യൂവൽ സംവിധാനത്തിനോടൊപ്പം മേൽപ്പടി സോഫ്റ്റ്‌വെയറിൽ എസ്.എം.എസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി എൻ.ഐ.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കും. പുതിയ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണം പൂർണ്ണതയിൽ എത്തിയാൽ ഉടനെ തന്നെ ഉദ്യോഗസ്ഥർക്ക് ആയതിന്റെ പരിശീലനം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**